പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4310 | 17.05.2017 ൽ മറുപടിക്ക്

## പി എച്ച് സി കളെ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പി.എച്ച്.സി.കളെ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തിയെന്ന് വ്യക്തമാക്കുമോ; | (എ) | 28.03.2017 ലെ സ.ഉ(ആർ.റ്റി) നം.845/2017/ആ.കു.വ പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിലേക്കായി ഏതെല്ലാം വിഭാഗം ജീവനക്കാരുടെ തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചതെന്ന് അറിയിക്കുമോ; | (ബി) | 12.05.2017 തീയതിയിലെ സ.ഉ.(എം.എസ്)75/2017/ആ.കു.വ പ്രകാരം അസിസ്റ്റന്റ് സർജൻ-170, സ്റ്റാഫ് നഴ്സ്-340, ലാബ് ടെക്നീഷ്യൻ-170 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | പല പി.എച്ച്.സി കളിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് സൂപ്പർവൈസറി തസ്തികകൾ നിലവിലില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | സൂപ്പർവൈസറി തസ്തികയിൽ ഒഴിവുകൾ വരുമ്പോൾ പ്രമോഷൻ നൽകി പ്രസ്തുത തസ്തികകൾ നികത്തുന്നതാണ്. കേസുകൾ സംബന്ധമായും പ്രൊമോഷന് തടസ്സങ്ങൾ നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ